(11)

## വിവരാവകാശം/മറുപടി

നം ഇ11/27407/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി - 04/08/2017
E mail : **swdkerala@gmail.com**
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.സാമുവൽകുട്ടി.കെ എ
കാഞ്ഞിരത്തും മൂട്ടിൽ ഹൗസ്,
കനകപ്പാലം പി ഒ
എരുമേലി
കോട്ടയം
പിൻ 686 509

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- താങ്കളുടെ 15/07/**2017** ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സാമൂഹ്യനീതി വകുപ്പിൽ 41 സീനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്.

2) സാമൂഹ്യനീതി വകുപ്പിൽ 31 സൂപ്രണ്ട് ഗ്രേഡ്1 തസ്തികകൾ നിലവിലുണ്ട്. ടി തസ്തികയ്ക്ക് തത്തുല്യമായ ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1, മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ വിഭാഗങ്ങളിലായി 6 തസ്തികകൾ കൂടി നിലവിലുണ്ട്.

3,4) നിലവിൽ പതിമൂന്ന് ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡിന് അർഹതയുണ്ട്. എന്നാൽ സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് ടി ഹയർ ഗ്രേഡിന് അർഹതയുണ്ടോയെന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ ടി ജീവനക്കാർക്ക് ഗ്രേഡ് അനുവദിച്ചിട്ടില്ല. സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമേ അർഹതയുള്ള ജീവനക്കാരുടെ പേരു വിവരം ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ജീവനക്കാരുടെ പേരു വിവരം

ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്ന വിവരം അറിയിയ്ക്കുന്നു. വ്യാഖ്യാനങ്ങളും വിശദീകരണവും നൽകുവാൻ വിവരാവകാശനിയമം വ്യവസ്ഥ ചെയ്യുന്നില്ല.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്